ശ്രീ. വി. ശ്രീധരൻ : സാധാരണയായി ഇവരും ഗവണ്മെൻറ ജീവനക്കാരെ പോലെ തന്നെ വയ്പ് ; ആ സ്ഥിതിക്ക് ഇവരെ സ്ഥിരം ചാവണക്കാരാക്കിക്കൂടെ ?

ശ്രീ. എ. ജെ. ജാൻ : അതിനുവേണ്ടിയുള്ള എഴുത്തുകുത്തുകൾ നടന്നുകൊണ്ടിരിക്കയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഇലക്ട്രിക്കൽ വർക്ക് എസ്റ്റാബ്ലിഷ്മെൻറുകളെ ഇങ്ങനെയുള്ള സാങ്കേതിക തടസ്സം കൂടാതെ സ്ഥിരപ്പെടുത്തിയതനുസരിച്ച് ഇവരെയും സ്ഥിരപ്പെടുത്തിക്കൂടെ ?

ശ്രീ. എ. ജെ. ജാൻ : ഇവരെ സംബന്ധിച്ചിടത്തോളം സർവ്വീസ് കമ്മിഷൻറെ അനുവാദം ആവശ്യമാണ്.

## സിനിമാതൊഴിലാളികൾ.

*113. [21] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സംസ്ഥാനത്തുള്ള സിനിമാശാലകളിൽ പ്രവർത്തിയെടുക്കുന്ന തൊഴിലാളികൾക്കു തീരെ കുറഞ്ഞ ഒരു ശമ്പളനിരക്കെങ്കിലും നിലവിലുള്ളതെന്ന വസ്തുത ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഈ സംസ്ഥാനത്തുള്ള സിനിമാശാലകളിൽ പ്രവർത്തിച്ചെടുക്കുന്ന തൊഴിലാളികൾക്കു കുറഞ്ഞ ശമ്പളനിരക്കെങ്കിലും നിലവിലുള്ളതെന്ന പരാതി ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : അവർക്കു ശമ്പളം കൂട്ടാൻ വേണ്ടിയുള്ള വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നടപടി സ്വീകരിച്ചിട്ടില്ല; എങ്കിലും അതേപ്പറ്റി ആലോചിക്കുവരുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ . സിനിമാശാലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ മിനിമം വേജസ് ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ ദയവുണ്ടാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ കാര്യവും ആലോചിക്കുവരുന്നതാണ്.

## തീരുമാനം ചെയ്യാത്ത ഫയലുകൾ.

*114. [22] ശ്രീ. ടി. ഒ. ബാവ : താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സെക്രട്ടറിയേറ്റിൽ മൂന്നു കൊല്ലത്തിലധികം പഴക്കമുള്ള എത്ര ഫയലുകൾ തീരുമാനം ചെയ്യാത്തതായിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം സെക്ഷനുകളിലാണ് ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സെക്രട്ടറിയേറ്റിൽ മൂന്നു കൊല്ലത്തിലധികം പഴക്കമുള്ള തായ ആയിരത്തി എഴുന്നൂറ്റി അൻപത്തിഏഴ് ഫയലുകൾ ഉണ്ട്.

| | | |
|---|---|---|
| (ബി) ജനറൽ സെക്ഷൻ | .... | 13 |
| പൊളിറ്റിക്കൽ | .... | 26 |
| മിസലേനിയസ് | .... | 29 |
| ഹോം | .... | 96 |
| ജുഡിഷ്യൽ | .... | 41 |
| സർവ്വീസ് (എ) | .... | 7 |
| ടി (ബി) | .... | 18 |
| അക്കൗണ്ട്സ് (എ) | .... | 2 |
| ഡിപ്പാർട്ടുമെന്റൽ എൻക്വയറി | .... | 2 |
| ലാൻഡ് റവന്യൂ സെക്ഷൻ | ... | 276 |
| ടി അഡീഷണൽ | ... | 210 |
| റവന്യൂ മിസലേനിയസ് | ... | 81 |
| സെപ്പറേറ്റ് റവന്യൂ | ... | 45 |
| ഫോറസ്റ്റ് | ... | 58 |
| ലേബർ | .... | 30 |
| ഹെൽത്ത് (എ) | .... | 1 |
| ടി (ബി) | .... | 51 |
| എൻ. എസ്സ്. ജി. (മുനിസിപ്പൽ) | ... | 44 |
| ടി (പഞ്ചായത്ത്) | ... | 54 |
| ഇൻഡസ്ട്രീസ് (എ) | .... | 11 |
| ടി (ബി) | .... | 24 |
| ടി (സി) | .... | 19 |
| കോവാപ്പറേഷൻ | .... | 21 |
| ഫുഡ് (എ) | .... | 59 |
| ടി (ബി) | .... | 16 |
| അഗ്രിക്കൾച്ചർ (എ) | .... | 5 |
| ടി (ബി) | .... | 11 |
| ഹൗസിംഗ് സെക്ഷൻ | .... | 6 |
| എഡ്യൂക്കേഷൻ (എ) | .... | 9 |
| ടി (ബി) | .... | 50 |
| ടി (സി) | .... | 6 |
| ടി (ഡി) | .... | 19 |
| പി. ഡബ്ലിയു (എ) | .... | 104 |
| ടി (ബി) | .... | 135 |
| ടി (സി) | .... | 63 |
| ഇലക്ട്രിസിറ്റി | .... | 38 |
| സ്റ്റാൻസ്റ്റോർട്ട് | .... | 68 |
| ഫിനാൻസ് ഡിപ്പാർട്ടുമെന്റ് | .... | 10 |
| | | 1758 |

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മേല്പറഞ്ഞ ഫയലുകളെല്ലാം മൂന്നാഴ്ചയ്ക്കുള്ളിൽ കൂടുതൽ പഴക്കമുള്ളവയാണ്.

ശ്രീ. ടി. കെ. ബാവാ : ഇത്രയധികം ഫയലുകൾ മൂന്നു കൊല്ലത്തിലധികമായിട്ടും തീരുമാനം ഉണ്ടാക്കാതെ കുടിശ്ശിക വരുത്തിയതു് എന്തു കാരണത്താലാണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചെറുതായ അവസാന തീരുമാനം എടുക്കാൻ സാദ്ധ്യമല്ലാത്ത ഫയലുകളായതുകൊണ്ടാണ് ഇത്രയും കാലതാമസമുണ്ടായിട്ടുള്ളതു്.

ശ്രീ. ആർ. സുഗതൻ : ഈ ഫയലുകൾ നോക്കുന്ന ഉദ്യോഗസ്ഥന്മാർക്കു സൿഷ്മത്തിൽനിന്നും ശമ്പളം കൊടുക്കുന്നില്ല ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശമ്പളം കൊടുക്കുന്നുണ്ടു്.

ശ്രീ. ആർ. സുഗതൻ : ഫയലുകളെ സംബന്ധിച്ചിടത്തോളം കൂടുതൽ കാലതാമസം ഉണ്ടാക്കിയതുകൊണ്ടു് അവരുടെ ശമ്പളത്തിൽ കുറവു ചെയ്യുകയല്ലേ വേണ്ടതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫയലുകൾ ഫയിനലൈസ് ചെയ്യാൻ താമസിച്ചു എന്ന കാരണത്താൽ ശമ്പളം പിടിക്കാൻ സാദ്ധ്യമല്ല.

ശ്രീ. ആർ. സുഗതൻ : ഇപ്പോഴും അവർ മുഴുവൻ ശമ്പളവും പറഞ്ഞുകൊണ്ടിരിക്കുകയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ; അവർക്കു ശമ്പളം കൊടുക്കുന്നുണ്ടു്. അതും കുടിശ്ശിക കൂടാതെ കൊടുക്കുന്നുണ്ടു്. അവർ പ്രവൃത്തി എടുക്കുന്നുമുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : മൂന്നു കൊല്ലത്തിനുമേൽ പഴക്കമുള്ളതെ ലിസ്റ്റാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി വായിച്ചതു്. എന്നാൽ മൂന്നു കൊല്ലത്തിനുമേൽ പുറകോട്ടു എത്ര കൊല്ലം വരെ പഴക്കമുള്ള ഫയലുകൾ തീരുമാനമെടുക്കാതെ ഇപ്പോഴും ഉണ്ടെന്നുള്ളതു് പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസ് വേണം.

ശ്രീ. പി. കെ. കുഞ്ചച്ചൻ : ഫയലുകൾ തീരുമാനിക്കപ്പെടാതെ വളരെ വർഷങ്ങൾ കഴിഞ്ഞാൽ അവ കാലഹരണപ്പെട്ടുപോകയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫയലുകളെ സംബന്ധിച്ചിടത്തോളം കാലഹരണമെന്നൊന്നില്ല. കാലഹരണം ലിമിറ്റേഷൻ ആക്ടു് അനുസരിച്ചു് കോടതികളിൽ കേസുകളെ സംബന്ധിച്ചു് ഫർജി കൊടുക്കുക, മുതലായവയെപ്പറ്റിയുള്ള ഒരു സങ്കേതികനിയമമാണു്.

LIBRARY ARCHIVES Kerala Legislative Assembly